പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 755 12-06-2013 - ൽ മറുപടിയ്ക്ക്

## ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ നിരോധനം

| ചോദ്യം<br>ശ്രീ.ബാബു എം.പാലിശ്ശേരി | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ഈ സർക്കാരിന്റെ കാലത്ത് ഗുണനിലവാരമില്ലാത്തത് എന്ന് ഡ്രഗ്സ് കൺട്രോളർ കണ്ടെത്തിയ എത്ര മരുന്നുകൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) 01/03/2011 മുതൽ 31/03/2013 വരെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധനയ്ക്ക് അയച്ച 8226 സാമ്പിളുകളിൽ 331 മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുകയും ആയതിന്റെ വിൽപ്പനയും വിതരണവും തടയുകയും ചെയ്തിട്ടുണ്ട്. മരുന്നുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത മരുന്നുകളുടെ വിൽപ്പനയും വിതരണവും ത ട യുന്ന തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കാമോ? | (ബി) ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിൽപ്പനയും വിതരണവും തടയുകയും ഇവയുടെ നിർമ്മാതാക്കൾക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം മരുന്നുകളുടെ വിശദാംശങ്ങൾ, പരിശോധനാഫലം ലഭിച്ച ഉടൻ തന്നെ വ്യാപാരികൾ, ഡോക്ടർമാർ, ആ ശുപത്രികൾ, മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവരെ അറിയിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**